# മദ്യവും മലയാളിയും

**Dr. P.N. Suresh Kumar**
MD, DPM, DNB, PhD
Consultant Psychiatrist
Kozhikode

കേരളം മദ്യത്തിന്റെ സ്വന്തം നാടായി മാറിയിട്ട് കാലമേറെയായി. അതിന്റെ നേട്ടങ്ങളും നമുക്കുണ്ട്. ലോകത്തുതന്നെ ഏറ്റവുമധികം വാഹനാപകടങ്ങൾ നടക്കുന്ന സംസ്ഥാനമാണ് കേരളം. ഇന്ത്യയിൽ ഏറ്റവും അധികം ആത്മഹത്യയും നടക്കുന്ന സംസ്ഥാനമാണ് കേരളം. ലോകത്ത് ഏറ്റവും അധികം പ്രമേഹരോഗികളും ഹൃദ്രോഗികളും ഉള്ള പ്രദേശമായി വർന്നുകൊണ്ടിരിക്കുകയാണ് നമ്മുടെ കൊച്ചുകേരളം.

318 ലക്ഷം ജനങ്ങളുള്ള ഒരു നാട്ടിൽ 47 ലക്ഷം മദ്യസ്നേഹികളും 17 ലക്ഷം മദ്യാസക്തരുമാണെന്ന് പറയുമ്പോൾ ചിത്രം വേണ്ടത്ര തെളിയും. 318 ലക്ഷം ജനങ്ങളിൽ 25 ശതമാനം കുഞ്ഞുങ്ങളും വൃദ്ധരുമാണ്. അവരെ മാറ്റി നിർത്തിയാൽ ബാക്കി മുതർന്നവരുടെ സംഖ്യ 240 ലക്ഷമാണെന്ന് കാണാം. കേരളത്തിലെ ലിംഗാനുപാതം കണക്കിലെടുക്കുമ്പോൾ ഈ സംഖ്യയുടെ പകുതിയിൽ അല്പം കുറവായ 118 ലക്ഷമായിരിക്കും കേരളത്തിലെ മുതിർന്ന പുരുഷന്മാരുടെ എണ്ണം. അതായത് കേരളത്തിലെ മുതിർന്ന പുരുഷന്മാരിൽ 40 ശതമാനത്തോളം മദ്യമാണാഘോഷം എന്ന് ധരിച്ചിരിക്കുന്നവരാണ്. 14 ശതമാനം പരിതാപകരമായി മദ്യത്തിന് പൂർണ്ണമായി അടിമപ്പെട്ടവരും. ആദ്യത്തെ വിഭാഗം അനുനിമിഷം എന്നു പറയണം, രണ്ടാം വിഭാഗത്തിൽ അംഗത്വം നേടിക്കൊണ്ടിരിക്കുന്നു. 14 തികയാത്തവർ കുടിച്ച് പഠിക്കവേ, മദ്യസ്നേഹികളുടെ കണക്ക് 40 ശതമാനത്തിൽനിന്നുയരുകയും ചെയ്യുന്നു.

ഇന്ത്യയിലെ ശരാശരി വിദേശമദ്യവില്പന വെറും എട്ടു ശതമാനംകണ്ടു വർദ്ധിക്കുമ്പോൾ കേരളത്തിന്റെ മദ്യവില്പനയുടെ വളർച്ചാനിരക്ക് ഇരുപത് ശതമാനമാണ്. മദ്യപാനത്തിന്റെ ആളോഹരി വിഹിതം പഞ്ചാബിൽ 7.9 ലിറ്ററാണെങ്കിൽ നമുക്ക് 8.3 ലിറ്ററാണ്. ഒരു കൊല്ലം കേരളം കുടിച്ച് തീർക്കുന്ന മദ്യത്തിന്റെ അളവ് ഏകദേശം 26 കോടി ലിറ്ററാണ്. 2007-08ലെ നാഷൽ സാമ്പിൾ സർവ്വേ റിപ്പോർട്ട് പ്രകാരം ആളോഹരി ലഹരി ഉപഭോഗത്തിൽ കേരളം ഇന്ത്യൻ ശരാശരിയുടെ മൂന്നിരട്ടിയായി മറ്റു സംസ്ഥാനങ്ങളേക്കാൾ ഒന്നാമനാണ്. ഇന്ത്യയിലാകെ നോക്കിയാൽ ഒരാൾക്കു നഗരങ്ങളിൽ മാസം ഏഴു രൂപയും ഗ്രാമങ്ങളിൽ മാസം ആറു രൂപയും മാത്രമാണ് മദ്യം ഉൾപ്പെടുയുള്ള ലഹരിപദാർത്ഥങ്ങൾക്ക് ചിലവ്. കേരളത്തിൽ ഇത് നഗരങ്ങളിൽ 19 രൂപയും ഗ്രാമങ്ങളിൽ 17 രൂപയും ആണ്.

1984-85 കാലത്ത് വെറും 55 കോടി രൂപയുടെ മദ്യം മാത്രമാണ് കേരളത്തിൽ വിറ്റഴിച്ചത്. 1990ൽ അത് ഇരട്ടിയായി. അതായത് കൃത്യം 117 കോടി രൂപ. സാമ്പത്തിക ഉദാരവല്ക്കരണ പ്രക്രിയക്ക് ആക്കം കൂടിയതും ആഗോളവത്കരണവും മലയാളിയെ ബാധിച്ച് തുടങ്ങിയത് ഈ കാലത്താണ്. വേഗതയേറിയ പുത്തൻ ജീവിത സാഹചര്യങ്ങളും, അനുദിനം മാറുന്ന സാമൂഹ്യാന്തരീക്ഷവും ജീവിത സമ്മർദ്ദവും തൊഴിൽസാഹചര്യങ്ങളു

മൊക്കെ സൃഷ്ടിച്ച അരക്ഷിതാവസ്ഥയുടെ ഉപോത്പന്നംകൂടിയായി ഈ മദ്യാസക്തിയെ കാണാവുന്നതാണ്. തുടർന്നുള്ള പത്ത് വർഷമാണ് ഈ കണക്കുകളിൽ ശ്രദ്ധേയം. അതായത് 1990 മുതൽ 2000 വരെയുള്ള കാലം. 1990ൽ 117 കോടിയായിരുന്ന മദ്യഉപയോഗം വെറും 7 വർഷംകൊണ്ട് കുതിച്ചുയർന്ന് 1997ൽ 1000 കോടിയായി. 1997ന് ശേഷം കൃത്യം 7 വർഷം കഴിഞ്ഞപ്പോൾ 2003ൽ വീണ്ടും ഇരട്ടിയായി. അതായത് 2070 കോടിരൂപയുടെ മദ്യം. 2009-10 വർഷത്തിൽ അത് 5539 കോടിയായി വർദ്ധിച്ചു. അതായത് 110 ശതമാനം വർദ്ധനവ്. അതേ സമയം നമ്മുടെ സംസ്ഥാനത്തെ ഈ വർഷത്തെ വാർഷിക ബജറ്റ് വെറും 4145 കോടി രൂപയാണെന്നോർക്കണം. മദ്യപാനികൾ ചിലവാക്കുന്ന ഇത്രയും ഭീമമായ തുകയിൽനിന്നും സർക്കാരിലേക്ക് ലഭിക്കുന്നത് വർഷം 2000 കോടി രൂപയിൽ താഴെ മാത്രമാണ്. അവയാകട്ടെ മദ്യപാനം നിമിത്തമുണ്ടാകുന്ന ആരോഗ്യപരവും സാമൂഹ്യപരവുമായ പ്രശ്നങ്ങൾക്ക് വേണ്ടി ചെലവഴിക്കേണ്ടിവരുന്നു.

ഓണം, ക്രിസ്മസ്സ്, പുതുവത്സരാഘോഷം എന്നീ സന്ദർഭങ്ങളിലാണ് കേരളത്തിൽ ഏറ്റവുമധികം മദ്യം വിറ്റഴിയുന്നത്. 2007 ഓണക്കാലത്ത് മാത്രം 132.31 കോടി രൂപയുടെ മദ്യം വിറ്റുപോയി. 2008ൽ ഇത് 110 കോടി രൂപയായിരുന്നു. 2009 ൽ ക്രിസ്മസ് പ്രമാണിച്ച് ഒറ്റദിവസംകൊണ്ട് മലയാളികൾ കുടിച്ചത് 44 കോടി രൂപയുടെ മദ്യം. 2008ൽ അത് 22 കോടി രൂപയായിരുന്നു. അതായത് ഒരു വർഷത്തിനുള്ളിൽ ഇരട്ടി വർദ്ധനവ്.

സംസ്ഥാനത്തെ 5489 കള്ളുഷാപ്പുകളിൽനിന്നും വർഷാന്ത്യം 1500 കോടി രൂപയും ബിവറേജസ് കോർപ്പറേഷന്റെ 302 ഓളം വില്പന ശാഖകളിലൂടെ 4000 കോടി രൂപയുംകൂടി ആകെ 5500 കോടി രൂപയാണ് ആധികാരികമായി വരുന്ന കണക്കുകളിലൂടെ മദ്യവില്പനയിൽനിന്നും ലഭ്യമാകുന്നത്. വില്പനശാലകളെ അപേക്ഷിച്ച് പാതിരാവരെ തുറന്നിരിക്കുന്നതും വെയിലത്ത് ക്യൂ നിൽക്കാതെ മുന്നിൽ വിളമ്പിതരുന്നതുമായ 425 ബാറുകളിൽനിന്നും 62 ബീർ പാർലറുകളിൽ നിന്നുമായി മറ്റൊരു 2000 കോടി രൂപയെങ്കിലും പിരിയുന്നുണ്ടെന്ന് അനുമാനിക്കണം. ആകെ അംഗീകൃത മദ്യത്തിന്റെ വിൽപ്പനമാത്രം 7500 കോടി രൂപക്കടുത്ത് നിൽക്കുന്നു. അംഗീകൃതമല്ലാത്ത വ്യാജമദ്യത്തിന്റെ ഇതിൽ അതിർത്തികൾ കടന്നുള്ള കള്ളക്കടത്തും വാറ്റുചാരായവും, കൃത്രിമ വിദേശമദ്യവുമെല്ലാം പെടുത്തിയാൽ വില്പന മൂവായിരം കോടി കവിയും എന്നാണ് നിരീക്ഷകരുടെ മതിപ്പ്. ആകെകൂടി കേരള ജനത മദ്യത്തിന് വേണ്ടി 10500 കോടി രൂപ വാരിയെറിയുന്നു. കേരളത്തിൽ ഒരു വർഷത്തിൽ ആകെ ചെലവാക്കുന്നത് ഏതാണ്ട് 3500 കോടി രൂപയുടെ അരിയാണ്. അതായത് അരിയുടെ വിലയുടെ മൂന്നിരട്ടി മദ്യമാണ് പ്രതിവർഷം മലയാളികൾ അകത്താക്കുന്നത്. കേരള സംസ്ഥാനത്തിന്റെ മൊത്തം റവന്യൂ വരുമാനത്തിന്റെ 80 ശതമാനം വരും ഈ സംഖ്യയെന്ന് പ്രത്യേകം ശ്രദ്ധിക്കുകയും വേണം.

**ചാലക്കുടിയിലെ കുടി**

ചാലക്കുടിയാണ് കഴിഞ്ഞ ഏതാനും വർഷങ്ങളായി കുടിയുടെ കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്നത്. 2009 ഓണത്തിന് മുമ്പ് പൂരാടദിവസം ചാലക്കുടി ബിവറേജ് കടയിൽ വിറ്റത് 22.01 ലക്ഷം രൂപയുടെ മദ്യമാണ്. 203.9 ലക്ഷം രൂപയുമായി കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി രണ്ടാം സ്ഥാനത്തെത്തി. 16.89 ലക്ഷം രൂപയുടെ വില്പന നടത്തിയ കരുനാഗപ്പള്ളിയിലെ വവ്വാക്കാണ് മൂന്നാം സ്ഥാനത്ത്. ചാലക്കുടിയിൽ ഇങ്ങനെ മദ്യവില്പന വർദ്ധിക്കുന്നതെങ്ങിനെ എന്നതിന് കൃത്യമായ കാരണമില്ല. അതിരപ്പള്ളിയിൽ പോയാൽ വെള്ളച്ചാട്ടവും കാണാം, വെള്ളവും അടിക്കാം എന്ന് ഒരു പൊതു ചൊല്ലു

ണ്ട്. ചാലക്കുടിയിലെ മദ്യവില്പന കുറയണമെങ്കിൽ കൊരട്ടിയിലും കൊടകരയിലും ഓരോ കട തുടങ്ങിയാൽ മതി എന്നാണ് ബിവറേജുകാരുടെ അഭിപ്രായം.

ആൽക്കഹോൾ ഏറ്റവും കൂടുതൽ അടങ്ങിയ വിലകുറഞ്ഞ മദ്യമായ റമ്മിനാണ് നമ്മുടെ നാട്ടിൽ ആവശ്യക്കാർ ഏറെയുള്ളത്. പോയ വർഷങ്ങളിൽ വില്പനയുടെ 60 ശതമാനം റമ്മിനായിരുന്നു. റം കഴിഞ്ഞാൽ ബ്രാണ്ടി. ഇതു രണ്ടുംകൂടിയാൽ കേരളത്തിലെ മദ്യവില്പനയുടെ 90 ശതമാനത്തിലധികമായി. ജിൻ, വൈൻ, വോഡ്ക, വിസ്കി തുടങ്ങിവയെല്ലാം കൂടിയാൽ രണ്ടോ മൂന്നോ ശതമാനമേ വരൂ. മദ്യത്തിന്റെ കണക്കെടുക്കുമ്പോൾ ബിയറിനെ പ്രത്യേകമായിട്ടാണ് പരിഗണിക്കുന്നത്. ഹോട്ട് ഇനങ്ങൾ ഒരു സെറ്റ്, ബിയർ മാത്രം മറ്റൊരു സെറ്റ്. റം വിൽക്കുന്നതിന്റെ 70–80 ശതമാനത്തോളം ബിയറും വിറ്റുപോകുന്നു. എന്നാൽ ബാറുകളിലും ക്ലബുകളിലും റമ്മിനേക്കാൾ കൂടുതൽ ചെലവാകുന്നത് ബ്രാണ്ടിയാണ്.

**മദ്യവും കുറ്റകൃത്യങ്ങളും**

കഴിഞ്ഞ 10 വർഷത്തെ കേരളത്തിന്റെ കുറ്റകൃത്യങ്ങളുടെ പട്ടിക വലുതായികൊണ്ടിരിക്കുകയാണ്. റോഡപകടങ്ങൾ, കത്തിക്കുത്തുകൾ, കൊലപാതകങ്ങൾ, ബലാൽസംഗങ്ങൾ തുടങ്ങിയ കുറ്റകൃത്യങ്ങളിൽ 70 ശതമാനത്തിനും മദ്യലഹരിയാണ് ഉത്തരവാദി എന്നു രേഖകൾ പറയുന്നു. നാഷണൽ ക്രൈ റോക്കോർഡ്സ് ബ്യൂറോയുടെ കണക്ക് പ്രകാരം കേരളത്തിൽ മദ്യപാനംമൂലം 159431 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരളത്തിൽ 61 ശതമാനം കുടുംബങ്ങളിൽ ഗാർഹിക പീഡനങ്ങൾ നടക്കുന്നുണ്ടെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. അതിൽ 81 ശതമാനം കേസുകളിലും മദ്യപാനം തന്നെയാണ് പ്രധാന വില്ലൻ (Alcohol and Drug Information Centre, India-ADIC).

കേരളത്തിലെ റോഡപകടങ്ങളിൽ 40 ശതമാനവും മദ്യപിച്ചിട്ടുള്ള ഡ്രൈവിംഗ് മൂലമാണെന്ന് പോലീസ് രേഖകൾ പറയുന്നു. റോഡപകടങ്ങളിൽ ഇന്ത്യയിൽ രണ്ടാം സ്ഥാനത്താണ് കേരളം. അപകടങ്ങൾ കൂടുതലുണ്ടാകുന്നത് ആഴ്ചയുടെ അവസാനങ്ങളിലും വൈകിട്ട് മൂന്നു മണിക്കും ഏഴ് മണിക്കും ഇടയ്ക്കാണ്. മദ്യവില്പന ഷോപ്പുകൾക്ക് അവധിയുള്ള ദിവസങ്ങളിൽ അപകടങ്ങൾ കുറയുന്നു. വാഹനമോടിച്ച് രാജ്യത്ത് ദിവസവും 270 പേർ മരിക്കുന്നു, 5000 പേർക്ക് ഗുരുതരമായി പരിക്കേൽക്കുന്നു.

**മദ്യപാനവും ആരോഗ്യപ്രശ്നങ്ങളും ആത്മഹത്യയും**

കേരളത്തിലെ 20 ശതമാനം ആശുപത്രി അഡ്മിഷനും മദ്യത്തോട് ബന്ധപ്പെട്ട അസുഖങ്ങളുടെ ചികിത്സക്കാണ്. ആത്മഹത്യയും കൂട്ട ആത്മഹത്യയും വാർത്തയല്ലാതായി കഴിഞ്ഞ കേരളത്തിൽ വർദ്ധിച്ചുവരുന്ന മദ്യ ഉപഭോഗവും ആത്മഹത്യകളും തമ്മിലുള്ള ബന്ധം സുവ്യക്തമാണ്. കേരളത്തിലെ ഏതാണ്ട് 50 ശതമാനം ആത്മഹത്യകൾക്കും പിന്നിൽ പ്രത്യക്ഷമായോ പരോക്ഷമായോ മദ്യപാനംതന്നെയാണ് മുഖ്യ കാരണം എന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. ആത്മഹത്യ ചെയ്ത 30 ശതമാനം സ്ത്രീകളും മദ്യപാനികളുടെ ഭാര്യമാരാണ് എന്നതാണ് മറ്റൊരു സത്യം. ആത്മഹത്യാശ്രമങ്ങളിൽ 34 ശതമാനവും മദ്യപാനം മൂലമാണെന്ന സ്റ്റേറ്റ് ക്രൈം റിക്കോർഡ് ബ്യൂറോയുടെ കണക്കുകൾ സൂചിപ്പിക്കുന്നു. ഭാരതത്തിൽ മൊത്തം മാനസിക രോഗികളുടെ നിരക്ക് ലക്ഷത്തിൽ 105 ആണെന്നിരിക്കെ നമ്മുടെ കേരളത്തിൽ ഇത് ലക്ഷത്തിൽ 271 ആണ്. അതായത് ദേശീയ നിരക്കിന്റെ രണ്ടര ഇരട്ടി. മദ്യപാനം തന്നെയാണ് ഒരു ശരാശരി വ്യക്തിയെ മാനസിക

രോഗങ്ങളിലേക്ക് നയിക്കുന്നത്. മദ്യപാനം എടുത്തുചാട്ടം, ആക്രമണസ്വഭാവം എന്നിവ യുണ്ടാക്കുന്നു. മദ്യപാനിയെ ആത്മഹത്യയിലേക്ക് നയിക്കുന്ന കാരണങ്ങൾ വിഷാദരോഗം, സാമ്പത്തിക നഷ്ടം, ആത്മാഭിമാനക്കുറവ്, ഒറ്റപ്പെടൽ, മദ്യം നിർത്തലാക്കാൻ കഴിയായ്ക എന്നിവയാണ്. ഇതിനൊക്കെ പുറമേയാണ് വ്യാജമദ്യ ദുരന്തങ്ങൾ. 25 വർഷങ്ങൾക്കിടയിൽ ഈ കൊച്ചുകേരളത്തിൽ മാത്രം 18 വ്യാജമദ്യദുരന്തങ്ങളാണ് ഉണ്ടായത്. അതിൽ 220 പേർക്ക് ജീവൻ നഷ്ടപ്പെട്ടു; ആയിരക്കണിക്കിനാളുകൾക്ക് അംഗവൈകല്യം സംഭവിച്ചു.

**മലയാളി – മദ്യപാനത്തിന്റെ ആരംഭം**

കേരളീയ യുവാക്കൾ കുടിച്ചു തുടങ്ങുന്ന പ്രായം 1986ൽ പത്തൊമ്പതായിരുന്നെങ്കിൽ രണ്ടായിരത്തി ഒമ്പതിൽ അത് പതിമൂന്നിലേക്ക് ഇറങ്ങിവന്നിരിക്കുന്നു. ദേശീയ തലത്തിൽ ഇത് പത്തൊമ്പത് വയസ്സാണ്. ഇരുപത് തികയാത്ത കേരളീയ യുവാക്കളിൽ 12 ശതമാനം മദ്യവുമായി ഇണങ്ങികഴിഞ്ഞിരിക്കുന്നു എന്ന് പഠനങ്ങൾ വെളിവാക്കുന്നു. 1990–ലെ ശതമാനം വെറും രണ്ടായിരുന്നു. അതായത് ഹൈസ്കൂൾതലം മുതൽ വിദ്യാർത്ഥികൾ ഈ ശീലത്തിലേക്ക് ചവട് വെച്ച് തുടങ്ങുന്നു. കോളേജ് കാമ്പസുകളും ഹോസ്റ്റലുകളുമെല്ലാം ലഹരിയുടെ വിഹാരകേന്ദ്രങ്ങളായി മാറിയിരിക്കുന്നു. മദ്യം ഒരു സ്റ്റാറ്റസ് സിമ്പലായും ഉത്തേജക ഔഷധമായും ഒരു കൗതുകത്തിനും ഉപയോഗിച്ചു തുടങ്ങുന്ന കാലമായിരിക്കുന്നു ഇപ്പോൾ.

**സ്ത്രീകളും മദ്യപാനവും**

യുവാക്കൾ, വിദ്യാർത്ഥികൾ എന്നീ വിഭാഗങ്ങൾ കടന്ന് മദ്യം സ്ത്രീകളിലേക്കും എത്തി എന്നതാണ് നടുക്കുന്ന വസ്തുത. 3 ശതമാനം സ്തീകൾ ലഹരിശീലക്കാരായി കേരളത്തിലുണ്ടെന്ന് അന്വേഷണാത്മക പഠനങ്ങൾ സൂചിപ്പിക്കുന്നു. മദ്യപിക്കുന്ന മലയാളിവനിതകളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. സ്വകാര്യത ഉറപ്പാക്കികൊണ്ടാണ് സ്ത്രീകളുടെ മദ്യപാനം. കൊച്ചി നഗരത്തിലെ പ്രമുഖ ക്ലബുകളിൽ മദ്യപിക്കുന്ന വനിതകളെ അപൂർവ്വമായി കാണാൻ സാധിക്കും. എന്നാൽ ഭൂരിപക്ഷം പേരും പൊതു വേദികളിൽ മദ്യപിക്കുന്നില്ല എന്നതാണ് ആശ്വാസം. കോളേജ് വിദ്യാർത്ഥികൾ, പ്രൊഫഷണലുകൾ, വീട്ടമ്മമാർ ഒക്കെ മദ്യപാനികളുടെ വിഭാഗത്തിലുണ്ട്. ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികളും വാടകവീട്ടിൽ ഒരുമിച്ച് താമസിക്കുന്ന ഉദ്യോസ്ഥവനിതകളും ഒക്കെ കൂട്ടായ മദ്യപാനത്തിന്റെ പാതയിലാണ്.

**എന്താണ് പോംവഴി?**

കേരളീയരുടെ മദ്യപാനം പിടിച്ചാൽ പിടികിട്ടാത്ത നിലയിലേക്ക് നീങ്ങിയിരിക്കുന്നു. മലയാളി=മദ്യം എന്ന സമവാക്യം എത്രമാത്രം ശരിയാണെന്ന് മദ്യവില്പന കണക്കുകൾ നമ്മെ ബോധ്യപ്പെടുത്തുന്നു. കൗമാര പ്രായത്തിലേക്ക് ചുവടു വയ്ക്കുമ്പോൾതന്നെ നിയന്ത്രിക്കാൻ രക്ഷിതാക്കൾക്ക് കഴിയാത്തത് പ്രശ്നങ്ങൾ സങ്കീർണ്ണമാക്കുകയാണ്.

മദ്യാസക്തിയിലൂടെ അവസാനദിവസങ്ങളിലെത്തിയ ഒരാളെ ഉദ്ധരിക്കുക എന്നത് അതിദുഷ്കരമായ ഒരു യജ്ഞമാണ്. കുടുംബങ്ങൾ വകതിരിവോടെയും ക്ഷമയോടെയും നിരന്തരം പ്രയ്തനിച്ചും കൗൺസിലർമാരുടേയും സഹായമുണ്ടായാലും നീണ്ടുനില്ക്കുന്ന വൈദ്യ–മനശ്ശാസ്ത്ര ചികിത്സകൾ ലഭ്യമാക്കിയാലും മദ്യപാന രോഗികളേയും അവരുടെ കുടുംബങ്ങളേയും ഒരു പരിധിവരെ കരകയറ്റാവുന്നതാണ്. സമൂഹത്തിലെ മുൻനിരക്കാരും

ക്ലബുകളും സിനിമയും ചേർന്ന് മദ്യത്തിന് നൽകിയിരിക്കുന്ന മാന്യതയുടേയും പകിട്ടിന്റേയും പരിവേഷം അഴിച്ച് കളയുംവിധം യുവാക്കളെ മദ്യവിപത്തിന്റെ യാഥാർത്ഥങ്ങളെ കുറിച്ച് ആഴത്തിൽ ബോധവൽക്കരിക്കേണ്ടിയിരിക്കുന്നു. ഹൈസ്കൂൾ തലത്തിലുള്ള പാഠപുസ്തകങ്ങളെ ബോധവൽക്കരണത്തിനായി ഉപയോഗിക്കുക എന്നത് നല്ല ഒരു പോംവഴിയായിരിക്കും.

അതോടൊപ്പംതന്നെ മദ്യത്തിന്റെ സുഗമമായ ലഭ്യത കുറച്ചുകൊണ്ടുവരാനുതകുന്ന ഫലപ്രദമായ നീക്കം സർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകണം. കൗമാരപ്രായക്കാർ കുടി തുടങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന സുപ്രധാന ഘടകം മദ്യത്തിന്റെ നിയന്ത്രങ്ങളില്ലാത്തതും ആനായാസവുമായ ലഭ്യതയാണ്.

അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ സർക്കാർ പൊതുവിതരണ സമ്പ്രദായം വഴിയുള്ള മദ്യവില്പനക്കെതിരെ സമരം ആരംഭിച്ചുകഴിഞ്ഞു. ചാലക്കുടിയിലെ “കുടി” കേരളത്തിന്റെ മൊത്തം “കുടി” യായി മാറുന്ന സാഹചര്യത്തിൽ നാമിനി എന്താണ് ചെയ്യേണ്ടത്? എല്ലാ വിഭാഗക്കാരുംകൂടി ഒന്നിച്ചിരുന്ന ആലോചിച്ച് പ്രവർത്തിക്കാനുള്ള കാര്യമാണിത്. അതിന് അമാന്തിക്കുന്തോറും കൊടുക്കേണ്ടിവരുന്ന വില വലുതായിരിക്കുമെന്ന് മാത്രം.

| മലയാളിയുടെ മദ്യ ഉപയോഗത്തിന്റെ പട്ടിക | |
|---|---|
| വർഷം | കോടി |
| 84-85 | 55.46 |
| 85-86 | 67.19 |
| 86-87 | 81.54 |
| 87-88 | 81.42 |
| 88-89 | 82.64 |
| 89-90 | 117.41 |
| 90-91 | 142.33 |
| 91-92 | 174.67 |
| 92-93 | 208.02 |
| 93-94 | 287.15 |
| 94-95 | 353.91 |
| 95-96 | 477.60 |
| 96-97 | 762.93 |
| 97-98 | 1000.83 |
| 98-99 | 1113.32 |
| 99-2000 | 1184.75 |
| 2000-01 | 1138.26 |
| 01-02 | 1694.91 |
| 02-03 | 1847.40 |
| 03-04 | 2071.26 |
| 04-05 | 2320.15 |
| 05-06 | 2635.89 |
| 06-07 | 3145.29 |
| 07-08 | 3669.14 |
| 08-09 | 4627.00 |
| 09-10 | 5538.59 |